**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിന് മലപ്പുറം മുനിസിപ്പാലിറ്റിയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം. 1573/2017/തസ്വഭവ തിരുവനന്തപുരം, തീയതി 15.05.2017

---

പരാമർശം :- 1. മലപ്പുറം നഗരസഭാ കൗൺസിലിന്റെ 26.09.2016 ലെ പതിനേഴാം നമ്പർ തീരുമാനം
2. നഗരകാര്യ ഡയറക്ടറുടെ 03.02.2017-ലെ DC2-2290/2017 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മലപ്പുറം മുനിസിപ്പാലിറ്റിയിൽ I.H.S.D.P പദ്ധതി പ്രകാരം പാമ്പാട് നിർമ്മിച്ചിട്ടുള്ള ഭവന സമുച്ചയത്തിലെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനായി പ്രസ്തുത സ്ഥലത്തോട് ചേർന്ന് സർവ്വേ നമ്പർ 231/2- ൽ മൂന്ന് സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് പരാമർശം 1 പ്രകാരം നഗരസഭ തീരുമാനിച്ചിട്ടുണ്ട് എന്നും, പാണക്കാട് വില്ലേജ് ഓഫീസർ നൽകിയ സാക്ഷ്യപത്രം അനുസരിച്ച് പ്രസ്തുത ഭൂമിക്ക് ഒരു ആറിന് 137500/- രൂപ (ഒരു ലക്ഷത്തി മുപ്പത്തിഏഴായിരത്തി അഞ്ഞൂറ് രൂപ) വില നിർണയിച്ചതിൻ പ്രകാരം മൂന്ന സെന്റിന് 165000/- രൂപ (ഒരുലക്ഷത്തി അറുപത്തയ്യായിരം രൂപ ) മൊത്ത വില വരുന്നതാണ് എന്നും, പ്രസ്തുത ഭൂമി മേൽ ആവശ്യത്തിലേക്കായി നഗരസഭയ്ക്ക് ആർജിക്കുന്നതിനു സർക്കാർ അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് മലപ്പുറം നഗരസഭ സെക്രട്ടറി നാഗകാര്യ ഡയറക്ടർക്ക് സമർപ്പിച്ച അപേക്ഷ, അനന്തര നടപടികൾ സ്വീകരിക്കുന്നതിന് നഗരകാര്യ ഡയറക്ടർ പരാമർശം 2 പ്രകാരം സർക്കാരിൽ ലഭ്യമാക്കി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. I.H.S.D.P പദ്ധതി പ്രകാരം മലപ്പുറം മുനിസിപ്പാലിറ്റിയിൽ പാമ്പാട് നിർമ്മിച്ചിട്ടുള്ള ഭവന സമുച്ചയത്തിലെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനായി സർവ്വേ നമ്പർ 231/2 -ലെ മൂന്ന് സെന്റ് സ്ഥലം,

ഒരു ആറിന് 137500/- രൂപ ( ഒരു ലക്ഷത്തി മുപ്പത്തി ഏഴായിരത്തി അഞ്ഞൂറ് രൂപ ) നിരക്കിൽ ആകെ 165000/- രൂപ (ഒരുലക്ഷത്തി അറുപത്തയ്യായിരം രൂപ) വില നിശ്ചയിച്ച്, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഭൂമി വാങ്ങുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഏറ്റെടുക്കുന്നതിന് മലപ്പുറം നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

ഷിബു ഐസക്ക്

ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ

സെക്രട്ടറി, മലപ്പുറം മുനിസിപ്പാലിറ്റി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ